# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1047** 10.06.2019 ലെ മറുപടി

## പള്ളിക്കലാറ്റിൽ തടയണ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തൊടിയൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന പള്ളിക്കലാറ്റിലെ തടയണ നിർമ്മാണപുരോഗതി വിശദീകരിക്കുമോ; മഴക്കാലമെത്തുന്നതിനു മുമ്പായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ; | (എ) തൊടിയൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന പള്ളിക്കലാറ്റിലെ തടയണ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിൽ തടണകളുടെ നിർമ്മാണവും തടയണയുമായി ബന്ധപ്പെട്ട പള്ളിക്കലാറിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണവും കാലാവസ്ഥ അനുകൂലമായാൽ 2019 ജൂൺ 30 ന് മുമ്പ് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>തൊടിയൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പള്ളിക്കൽ ആറ്റിൽ പോരുവഴി ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി താൽക്കാലിക തടയണ കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| (ബി) ഇവിടുത്തെ ജലത്തിലെ ഉപ്പിന്റെ അളവ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ച പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (ബി) കേരള വാട്ടർ അതോറിറ്റിയുടെ കൊല്ലം ജില്ലാ ഗുണ പരിശോധന ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഉപ്പ് കലർന്നതായിട്ട് ഇതുവരെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല |
| (സി) പള്ളിക്കലാറ്റിലെ ജലസമൃദ്ധി ഉപയോഗപ്പെടുത്തി ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വിശദീകരിക്കുമോ? | (സി) പള്ളിക്കൽ ആറ്റിൽ ജലലഭ്യത കുറവായതിനാൽ ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് സാധിക്കുന്നതല്ല . |

**സെക്ഷൻ ഓഫീസർ**